പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1728 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ കടക്കെണിയിൽ നിന്ന് രക്ഷിച്ച് ലാഭത്തിലെത്തിയ്ക്കാൻ പദ്ധതി

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. ആൻസലൻ
പ്രൊഫ. കെ.യു. അരുണൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ കടക്കെണിയിൽ നിന്ന് രക്ഷിച്ച് ലാഭത്തിലെത്തിയ്ക്കാൻ എന്തെല്ലാം നൂതന പദ്ധതികളാണ് നിലവിൽ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, പുതിയ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്. ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത |

| | | | |
|---|---|---|---|
| | | | കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | വാഹന വിനിയോഗത്തിലും ഇന്ധനക്ഷമതയിലും കേരളം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (ബി) യും (സി) യും | ഉണ്ട്. ഓഫ്-റോഡ് നിരക്ക് കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പകൽ സമയങ്ങളിൽ പരമാവധി വാഹനങ്ങൾ സർവീസിന് ലഭ്യമാക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ ഡിപ്പോകളിലും രാത്രികാല മെയിന്റനൻസ് ആരംഭിച്ചു കഴിഞ്ഞു. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീന പരിപാടികൾ നടത്തിവരുന്നു. ഇതു കൂടാതെ Fuel cell വീണ്ടും രൂപീകരിച്ച് കേരളം ഒട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നടത്തിവരുന്നു. ഇതു കൂടാതെ Fuel card നടപ്പിലാക്കുകയും ഇതു പ്രകാരം ഡ്രൈവർമാരെ ബോധവത്കരിക്കുകയും ഉയർന്ന കെ.എം.പി.എൽ കൈവരിക്കുന്നവർക്ക് പാരിതോഷികം നല്കിവരികയും ചെയ്യുന്നു. Petroleum Conservation Research |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനമികവ് ദേശീയ ശരാശരിക്കൊപ്പം ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | | |

| | | | |
|---|---|---|---|
| | | | Association (PCRA)-ന്റെ ആഭിമുഖ്യത്തിലും വാഹന നിർമ്മാതാക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടേഴ്സ്, വി.ഇ. കോമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവരുടെ സഹകരണത്തോടെയും പരിശീലന പരിപാടികൾ നല്കിവരുന്നുണ്ട്. ജീവനക്കാരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. സ്ഥിരം യാത്രക്കാർക്കായി പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. 24.01.2017 മുതൽ യാത്രക്കാർക്കായി നിലവിൽ Bronze Card, Silver Card, Gold Card, Premium Card എന്നിങ്ങനെ നാലു തരം പ്രതിമാസ ട്രാവൽ കാർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പ്രതിമാസം Bronze Card-ന് 1000/- രൂപ, Silver Card-ന് 1500/- രൂപ, Gold Card-ന് 3000/- രൂപ, Premium Card-ന് 5000/- രൂപ എന്ന നിരക്കിലാണ് യാത്രക്കാരിൽ നിന്ന് ഈടാക്കുന്നത്.<br>Bronze Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം റവന്യൂ ജില്ലയ്ക്കകത്ത് സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.<br>Silver Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം സിറ്റി, സിറ്റി ഫാസ്റ്റ്, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, ജൻറം നോൺ എ.സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.<br>Gold Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു |

| | | | |
|---|---|---|---|
| | | | ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ് & ജൻറം നോൺ എ.സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും.<br>Premium Card ഉപയോഗിച്ച് യാത്രക്കാർക്ക് ഒരു മാസം ലോ ഫ്ളോർ എ.സി, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് / ടൗൺ ടു ടൗൺ ഓർഡിനറി, സിറ്റി, സിറ്റി ഫാസ്റ്റ് & ജൻറം നോൺ എ.സി. എന്നീ തരത്തിലുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ